## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4357** **26/06/2014-ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

**എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളിലെ ഒഴിവുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) നാളിതുവരെ ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; വിശദമാക്കുമോ ? | (സി) നിലവിലെ സാഹചര്യമനുസരിച്ച് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ 2014 ആഗസ്റ്റ് 31 വരെ ഒഴിവുകൾ ഉണ്ടാകാനിടയില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 8 ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**